**Code No. 012**

**PRE-BOARD EXAMINATION-1, DECEMBER-2019**

**CLASS: IX** **MALAYALAM - 2nd LANGUAGE** **Time: 3 Hours**

**MAX. MARKS: 80**

---

## The Question Paper is divided in to four sections

| | | |
|---|---|---|
| **Section A** | **: Reading and Comprehension** | **10 Marks** |
| **Section B** | **: Writing** | **14 Marks** |
| **Section C** | **: Grammar** | **20 Marks** |
| **Section D** | **: Literature** | **36 Marks** |

**എ വിഭാഗം**

1 താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **5X2=10**

കുട്ടികളുടെ ആസ്വാദനം ലക്ഷ്യമാക്കിയുള്ള കഥകൾ, കവിതകൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾതുടങ്ങിയവയെയാണ് ബാലസാഹിത്യം എന്നുപറയുന്നത്. വിശാലവും സ്വതന്ത്രവുമായ ആശയലോകത്തേക്ക് ഭാവനയുടെ ചിറകുകൾ വിരിച്ചു പറക്കാനും പ്രതീക്ഷകൾ വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ബാലസാഹിത്യത്തിന്റെ പ്രധാനലക്ഷ്യം. ബാലസാഹിത്യത്തിന്റെ വേരുകൾ തിരയേണ്ടത് നമ്മുടെ നാടോടിസാഹിത്യത്തിലാണ്. കഥകളും കവിതകളും വായിക്കാനും കേൾക്കാനും താൽപര്യമുണ്ടാക്കുകയും സന്മാർഗ്ഗോപദേശം നൽകുകയും വിവേചനബുദ്ധി വളർത്തുകയും ചെയ്യുന്ന നാടോടിസംസ്കാരമാണ് നമ്മുടെ ബാലസാഹിത്യത്തിന്റെ ഉത്ഭവകേന്ദ്രം. നിരവധി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ബാലസാഹിത്യത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകിയിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. കുട്ടികളുടെ സാഹിത്യാഭിരുചിയും ഭാഷാപരമായ കഴിവുകളും വിജ്ഞാനവും വികസിപ്പിക്കാനുതകുന്ന വിധത്തിലുള്ള കൃതികൾ പ്രസിദ്ധീകരിക്കുക, ബാലസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുക, ബാലസാഹിത്യ പ്രചാരണം തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരള സർക്കാർ 1981 മെയ് 27 നു സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. ഇപ്പോഴത്തെ പല ബാലസാഹിത്യകൃതികളും അതിലാളിത്യം കൊണ്ട് കുട്ടികളെ പരിഹസിക്കുന്നവയാണ്. അപരിചിതങ്ങളായ പ്രമേയങ്ങൾ കുട്ടികൾക്ക് വിരസതയുണ്ടാക്കുന്നു. അതുകൊണ്ടു തന്നെ കുട്ടികളെ ആകർഷിക്കുന്ന പ്രമേയവും ആഖ്യാനവുമുള്ള കൃതികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾ

i. ബാലസാഹിത്യം എന്നാൽ എന്ത്?

ii. നാടോടി സംസ്കാരത്തിന്റെ പ്രത്യേകതകൾ ഏവ?

iii. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനങ്ങൾ എന്തെല്ലാം?

iv. ബാലസാഹിത്യത്തിന്റെ പ്രധാനലക്ഷ്യം എന്ത്?

v. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നിർദ്ദേശിക്കുക.

## ബി വിഭാഗം

2 (a) ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക **2X7=14**

i. ചൂഷണം ഒരു സാമൂഹ്യവിപത്ത്

ii. മനുഷ്യപ്രവർത്തനം പ്രകൃതിയ്ക്ക് വിരുദ്ധമാവുമ്പോൾ

iii. അന്യംനിന്നു പോവുന്ന ഗ്രാമീണമൂല്യങ്ങൾ

(b) തെരുവോരങ്ങളിൽ പെരുകിവരുന്ന അഭയാർഥികളെ പുനരധിവസിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സാമൂഹ്യക്ഷേമവകുപ്പ് മന്ത്രിയ്ക്ക് ഒരു കത്ത് തയ്യാറാക്കുക

## സി വിഭാഗം

3 (a) പ്രയോഗം മാറ്റുക **2X1=2**

i. മടിച്ചാണെങ്കിലും അയ്യപ്പൻ മകനെ ഉപദേശിച്ചു.

ii. നന്ദിയോടെ സിദ്ധാർത്ഥൻ വാസുദേവന്റെ ക്ഷണം സ്വീകരിച്ചു.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക **2X1=2**

**i.** ഉത്തരവാദിത്വബോധത്തിന്റെ കൃതാർത്ഥതയോടെ ശങ്കരൻകുട്ടി തിരക്കിട്ട് നടന്നു വണ്ടിയിൽ കയറി.

**ii.** കൈകൾ കുലുക്കി കുപ്പിവളകളുടെ ശബ്ദം കേൾക്കുന്ന തിരക്കിൽ കണ്ണമ്മ മറ്റെല്ലാം മറന്നു പോയിരുന്നു.

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക **2X1=2**

i. വരാനിരിയ്ക്കുന്ന ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിയ്ക്കുന്ന വരികളിലെ മാനി എന്ന വാക്കിനു മുന്നിൽ ഞാൻ ചിന്താമൂകനും നിശ്ശബ്ദനുമായി നിന്നു.

ii. വാസുദേവൻ വളരെ ശ്രദ്ധയോടെ സശ്രദ്ധം കാതോർത്തിരുന്നു.

(d) പിരിച്ചെഴുതി സന്ധി നിർണയിക്കുക **2X1=2**

i. മുമ്പൊരിക്കൽ

ii. ചുളയടർത്തി

(e) വിഗ്രഹിച്ച് സമാസം നിർണയിക്കുക 2X1=2

i. കാന്തിപ്രവാഹം

ii. സൂര്യാംശുദീപ്തം

(f) പര്യായപദങ്ങൾ എഴുതുക 2XI=2

i. കാള

ii. യാത്ര

(g) നാനാർത്ഥം എഴുതുക 2X1=2

i. നാകം

ii. കമ്പം

4 വലയത്തിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക

(a) വിപരീതപദങ്ങൾ എഴുതുക 2X1=2

i. നിരസിക്കുക (അനിരസിക്കുക,രസിക്കുക,പതിയ്ക്കുക,സ്വീകരിക്കുക)

ii. സഫലം (അസഫലം,ഫലം,നിർഫലം,വിഫലം)

(b) അർത്ഥവ്യത്യാസം എടുത്തെഴുതുക 4X½=2

i. ഹേതു - കേതു

(ചൂതം,കൊടി,സന്തോഷം,കാരണം)

ii. വിണ്ണ് - പുണ്ണ്

(അശ്വത്ഥം,വ്രണം,അധമം,ആകാശം)

(c) എതിർലിംഗം എഴുതുക 2X1=2

**i.** പഥികൻ (പഥികി,പഥികിനി,പഥിക,അപഥികൻ)

ii. ധീരൻ (അധീരൻ,ധീരണി,ധീര,ധാര)

## ഡി വിഭാഗം

5 വലയത്തിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക 4X½= 2

**i.** നാരായൻ എഴുതിയ കൃതിയേത്?

(ആയിഷ,കൊച്ചരേത്തി,സ്മൃതിപർവ്വം,വൃദ്ധസദനം)

**ii.** 'കാടാറുമാസം' എന്ന കൃതിയെഴുതിയതാര്?

(വയലാർ രാമവർമ്മ,പി.ഭാസ്കരൻ,വൈലോപ്പിള്ളി,വള്ളത്തോൾ)

**iii.** 'കൃഷ്ണഗാഥ' ഏതു വൃത്തത്തിലാണ് രചിച്ചത്?

(കാകളി,മഞ്ജരി,വസന്തതിലകം,കളകാഞ്ചി)

**iv.** 'സുരേന്ദ്രൻ' എന്ന കഥാപാത്രം ഏതു കൃതിയിലെ കഥാപാത്രമാണ്?

(മുളങ്കാട്,തേൻവരിക്ക,കൊടിയേറ്റം,കടത്തുകാരൻ)

**(b)** **4X½= 2**

**i.** അന്തിയായാൽ വിളക്കു കൊളുത്താൻ ത്വരയാർന്നിരിക്കുന്നതാര്?

(കണ്ണമ്മ,സിദ്ധാർത്ഥൻ,മിന്നാമിനുങ്ങ്,അജൻ)

**ii.** 'സുന്ദരമായ ജീവിതമാണ് നിങ്ങൾ തെരഞ്ഞെടുത്തത്' -ആരുടെ വാക്കുകളാണിവ?

(വാസുദേവൻ,സിസ്റ്ററമ്മ,സിദ്ധാർത്ഥൻ,ശങ്കരൻകുട്ടി)

**iii.** "ഈ മധുപാത്രമടിയോളം മോന്തുക."-മധുപാത്രം എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ്?

(തിരുവാതിര,ദുഃഖങ്ങൾ,ജീവിതാനുഭവം,രോഗം)

**iv.** "ലോകാതിശായിയാം സൗന്ദര്യമേലുന്ന നാലിതൾപ്പൂ വിരിയിച്ചിതാദ്യം."- ഏതു കൃതിയെ കുറിച്ചാണിവിടെ പരാമർശിക്കുന്നത്?

(ശാകുന്തളം,രാമായണം,കൃഷ്ണഗാഥ,ദുരവസ്ഥ)

**6** മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക **3X4=12**

**i.** "പ്രകൃതി നൽകുന്ന ജീവിതപാഠങ്ങൾ തിരിച്ചറിയണമെന്ന് വിശ്വംദീപമയം എന്ന കവിതയിലൂടെ കവി നമ്മെ ഓർമ്മപ്പെടുത്തുകയാണ്."-ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?

**ii.** "അമ്പിളിക്കീറിനു പോകുവാനുണ്ടഴൽ
അംബരത്തിണ്ണയിൽ പറ്റിനിന്നു." -ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ പ്രകൃതിയ്ക്കുണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാം?

**iii.** "എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തി തൻ ശർക്കര നുണയുവാൻ." -ആശയം വിശദമാക്കുക.

**(b)** **3X4=12**

**i.** "വാസുദേവനു പഠിപ്പിക്കുവാനായതിലധികം സിദ്ധാർത്ഥൻ നദിയിൽ നിന്നു പഠിച്ചു."-എന്തെല്ലാം അറിവുകളാണ് നദി സിദ്ധാർത്ഥനു പകർന്നു നൽകിയത്?

**ii.** "കണ്ണമ്മയുടെ ലോകം ശബ്ദങ്ങളുടേതാണ്."-ഈ പ്രസ്താവന വിശകലനം ചെയ്യുക.

**iii.** മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈകാരികബന്ധം 'തേൻവരിക്ക' എന്ന ചെറുകഥയിൽ അവതരിപ്പിക്കുന്നതെങ്ങനെ?

**7** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **2X4=8**

i. സ്വാമി വിവേകാനന്ദന് ആൾവാറിൽ വെച്ചുണ്ടായ അനുഭവം എന്ത്?

ii. നരേന്ദ്രന് 'വിവേകനാന്ദൻ' എന്ന പേര് ലഭിച്ചതെങ്ങനെ?

iii. സ്വാമി വിവേകാനന്ദന്റെ ബാല്യകാലാനുഭവങ്ങൾ വിവരിക്കുക.

~~<><>~~